**കേരള സർക്കാർ**

ധനകാര്യ വകുപ്പ് - 2018 ഏപ്രിൽ, മെയ്, ജൂൺ. ജൂലൈ വരെയുള്ള വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുകയും കുടിശ്ശിക തുകയും അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സ.ഉ.(സാധ) നം. 6632/2018/ധന.** **തീയതി: 03.08.2018, തിരുവനന്തപുരം,**

---

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
4) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
5) സ ഉ (എം എസ്) 359/2017/ധന തീയതി 04/08/2017.
6) സ.ഉ (സാധ) 2714/2018/ധന തീയതി 27/03/2018.

**<u>ഉത്തരവ്</u>**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2018 ഏപ്രിൽ, മെയ്, ജൂൺ. ജൂലൈ വരെയുള്ള നാല് മാസത്തെ പെൻഷൻ നൽകുന്നതിനായി 151.1960468 കോടി രൂപയും കുടിശിക തുക 37.3668375 കോടി രൂപയും ഉൾപ്പെടെ ആകെ 188.5628843 കോടി രൂപ (നൂറ്റി എൺപത്തി എട്ടു കോടി അമ്പത്തി ആറ് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എണ്ണൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം ) ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2018 ഏപ്രിൽ, മെയ്, ജൂൺ. ജൂലൈ വരെയുള്ള നാലുമാസത്തെ പെൻഷനും കുടിശികയും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 188.5628843 കോടി രൂപ (നൂറ്റി എൺപത്തി എട്ടു കോടി അമ്പത്തി ആറ് ലക്ഷത്തി ഇരുപത്തി എണ്ണായിരത്തി എണ്ണൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു ഒരോ ക്ഷേമനിധി ബോർഡുകൾക്കും നൽകേണ്ട തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. ക്ഷേമനിധി ബോർഡുകൾ പെൻഷൻ തുക ലഭിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഭരണ വകുപ്പിൽ നേരിട്ട് നിർദ്ദേശം സമർപ്പിക്കേണ്ടതും ഭരണ വകുപ്പ് ആയത് ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

2. യാതൊരു കാരണവശാലും ആവശ്യത്തിലധികം അലോട്ട്മെന്റ് വാങ്ങാൻ പാടില്ലാത്തതാണെന്നും അങ്ങനെ വാങ്ങുന്ന പക്ഷം അത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

3. നാല് മാസത്തെ പെൻഷൻ വിതരണം/കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളു മറ്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

4. ഓണത്തിന് മുൻപ് പെൻഷൻ വിതരണം പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുള്ളിൽ വിതരണം ചെയ്യാത്ത തുക അനുവദിച്ച ശീർഷകത്തിൽ തന്നെ 5 ദിവസത്തിനുള്ളിൽ തിരിച്ചടക്കുന്നു എന്നും ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

5. ഈ ഫണ്ട് പിൻവലിക്കൽ എല്ലാ വിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ് ഐ എ എസ്
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
ലേബർ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ധനകാര്യ (ബജറ്റ്/ഹെൽത്ത് & ലേബർ എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| 1 | 2 | 3 | 4 | | | | 5 | 6 | 7 | | | | 8 | 9 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | നൽകേണ്ട പെൻഷൻ തുക | | | | | | കുടിശിക തുക | | | | | |
| | | ആകെ പെൻഷൻകാരുടെ എണ്ണം | 04/2018 | 05/2018 | 06/2018 | 07/2018 | നീക്കിയിരിപ്പുള്ള തുക | ആകെ ആവശ്യമുള്ള പെൻഷൻ തുക (4-5) | 2014 | 2015 | 2016 | 2017 | ആകെ കുടിശിക തുക | ആകെ തുക (6+8) |
| 1 | മത്സ്യ തൊഴിലാളി | 60446 | 66490600 | 66490600 | 66490600 | 66490600 | 0 | 265962400 | | | 1110400 | 7410700 | 8521100 | 274483500 |
| 2 | ക്ഷീര കർഷക തൊഴിലാളി | 56437 | 61738600 | 61888200 | 62080700 | 62124700 | 0 | 247832200 | 9500 | 24500 | 92500 | 1915100 | 2041600 | 249873800 |
| 3 | ലോട്ടറി തൊഴിലാളി | 1904 | 2094400 | 2094400 | 2094400 | 2094400 | 0 | 8377600 | | | | | | 8377600 |
| 4 | കയർ തൊഴിലാളി | 70581 | 77128400 | 77428400 | 77552700 | 77554900 | 827200 | 308837200 | 39100 | 181400 | 7221400 | 48272200 | 55714100 | 364551300 |
| 5 | ഖാദി തൊഴിലാളി | 684 | 752400 | 752400 | 752400 | 752400 | 0 | 3009600 | 3404966 | 4294553 | 325584 | 1482800 | 9507903 | 12517503 |
| 6 | ട്രേഡേഴ്സ് വെൽഫെയർ | 10783 | 11901950 | 11973950 | 12139300 | 12214300 | 0 | 48229500 | 18209675 | 7001075 | 6132850 | 89076050 | 120419650 | 168649150 |
| 7 | അസംഘടിത തൊഴിലാളി ( റിട്ടയേർഡ് ) | 9618 | 10579800 | 10579800 | 10579800 | 10579800 | 2753674 | 39565526 | 9804930 | 6721060 | 8287000 | 27260230 | 52073220 | 91638746 |
| 8 | ബാർബർ ബ്യൂട്ടീഷ്യൻ | 1358 | 1493800 | 1493800 | 1493800 | 1493800 | 468458 | 5506742 | | | 460000 | 1214400 | 1674400 | 7181142 |
| 9 | ചുമട്ടു തൊഴിലാളി | 3319 | 3650900 | 3650900 | 3650900 | 3650900 | 0 | 14603600 | | | 3332100 | 4184200 | 7516300 | 22119900 |
| 10 | അലക്കു തൊഴിലാളി | 457 | 502700 | 502700 | 502700 | 502700 | 348000 | 1662800 | | | 260000 | 686400 | 946400 | 2609200 |
| 11 | ആഭരണ തൊഴിലാളി | 111 | 119900 | 119900 | 122100 | 122100 | 200 | 483800 | | 7200 | 239200 | 697900 | 944300 | 1428100 |
| 12 | ചെറുകിട തോട്ടം തൊഴിലാളി | 210 | 226600 | 229900 | 231000 | 231000 | 0 | 918500 | 2400 | 59400 | 381600 | 913100 | 1356500 | 2275000 |
| 13 | ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി | 8004 | 8804400 | 8804400 | 8804400 | 8804400 | 1994620 | 33222980 | | | | 7462500 | 7462500 | 40685480 |
| 14 | ബീഡി തൊഴിലാളി | 2628 | 2890800 | 2890800 | 2890800 | 2890800 | 0 | 11563200 | | | 6000 | 1015890 | 1021890 | 12585090 |
| 15 | സിഗാർ തൊഴിലാളി | 102 | 112200 | 112200 | 112200 | 112200 | 0 | 448800 | | | | | | 448800 |
| 16 | തയ്യൽ തൊഴിലാളി | 43886 | 48274600 | 48274600 | 48274600 | 48274600 | 1337600 | 191760800 | 1897810 | 6106100 | 27739950 | 59961228 | 95705088 | 287465888 |
| 17 | കൈത്തറി തൊഴിലാളി | 9550 | 10604000 | 10546800 | 10456600 | 10412600 | 2019886 | 40000114 | | | | | | 40000114 |
| 18 | കശുവണ്ടി തൊഴിലാളി | 65726 | 72270000 | 72295300 | 72299700 | 72299700 | 2084794 | 287079906 | | | 1595554 | 3808470 | 5404024 | 292483930 |
| 19 | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 658 | 723800 | 723800 | 723800 | 723800 | 0 | 2895200 | 0 | 9800 | 1110000 | 2239600 | 3359400 | 6254600 |
| | ആകെ | 346462 | 380359850 | 380852850 | 381252500 | 381329700 | 11834432 | 1511960468 | 33368381 | 24405088 | 58294138 | 257600768 | 373668375 | 1885628843 |